പിന്നോക്ക വിഭാഗ കമ്മീഷൻ രൂപീകരിക്കാൻ സർക്കാരിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം 12-3-93-ലെ ജി.ഒ. (പി) 21/93/പി. ആന്റ് എ.ആർ.ഡി. ഉത്തരവുവഴി ഒരു ചെയർപേഴ്സണെയും 3 മെമ്പർമാരേയും ഒരു മെമ്പർ സെക്രട്ടറിയേയും നിയമിക്കുകയുണ്ടായി. 24-9-93-ലെ ജി.ഒ. (എം.എസ്.) നമ്പർ 42/93 പി. ആന്റ് എ.ആർ.ഡി. ഉത്തരവ് പ്രകാരം കമ്മീഷന്റെ ചെയർപേഴ്സൺന്റേയും മെമ്പർമാരുടേയും സേവന-വേതന വ്യവസ്ഥകൾ തിട്ടപ്പെടുത്തിയിരുന്നു. (ടി ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.†)

(ബി) 1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ നിയമത്തിന്റെ ഭേദഗതി നിയമത്തിലൂടെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ (ഭേദഗതി) നിയമം 2000 (2000-ലെ 10-ാം നിയമം)ത്തിന്റെ 2-ാം വകുപ്പ് പ്രകാരം ചെയർപേഴ്സണും 2 മെമ്പർമാരും പിന്നോക്ക വിഭാഗ ക്ഷേമ വകുപ്പിന്റെ സെക്രട്ടറി എന്ന മെമ്പർ സെക്രട്ടറിയും ഉൾപ്പെടുന്നതായിരിക്കും കമ്മീഷന്റെ ഘടന എന്ന ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 26-4-2000-ലെ ജി.ഒ.(പി.) നം. 29/2000/പജപവവിവ. ഉത്തരവ്വഴി ഒരു ചെയർപേഴ്സണെയും 2 മെമ്പർമാരേയും ഒരു മെമ്പർ സെക്രട്ടറിയേയും നിയമിക്കുകയുണ്ടായി. 27-5-1998-ലെ ജി.ഒ. (എം.എസ്.) നമ്പർ 49/98/പജപവവിവ. പ്രകാരവും തുടർന്ന് 17-4-99-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 41/99/പജപവവിവ. പ്രകാരവും ചെയർപേഴ്സൺന്റെയും മെമ്പർമാരുടേയും സേവന-വേതന വ്യവസ്ഥകൾ വ്യത്യാസപ്പെടുത്തി നിശ്ചയിച്ചിട്ടുണ്ട്. ടി ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. കൂടാതെ 'എ' പിരിവിൽ പറയുന്ന ഉത്തരവിലെ പെൻഷൻ സംബന്ധിച്ച് ചില സംശയങ്ങൾ ഉണ്ടായതിനാൽ 4-6-2003-ലെ ജി.ഒ. (എംഎസ്.) നമ്പർ 46/03/പജപവവിവ പ്രകാരം 24-9-93-ലെ ജി.ഒ. (എം.എസ്.) നമ്പർ 42/93/പി. ആന്റ് എ.ആർ. ഡി. ഉത്തരവ് 27-5-98-ലെ മുൻകാല പ്രാബല്യത്തോടെ റദ്ദ് ചെയ്യുകയും ഉണ്ടായി. (പകർപ്പുകൾ ഉള്ളടക്കം ചെയ്തിരിക്കുന്നു†).

(സി) കമ്മീഷന്റെ ഘടനയിൽ വ്യത്യാസം വരുത്തി ചെയർപേഴ്സൺ ഉൾപ്പെടെയുള്ള അംഗങ്ങളുടെ എണ്ണം 3 ആയി പരിമിതപ്പെടുത്താൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതിനു വേണ്ടി 1993-ലെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ നിയമത്തിൽ വീണ്ടും ഭേദഗതി വരുത്തുവാനും തീരുമാനിച്ചിട്ടുണ്ട്.

(ഡി) ഇല്ല.

(ഇ) ബാധകമല്ല.

പിന്നോക്ക സമുദായങ്ങൾ

75 [5452] ശ്രീ. വി. ഡി. സതീശൻ:

,, എം. കെ. പോൾസൺ മാസ്റ്റർ:

,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പിന്നോക്ക സമുദായങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് പിന്നോക്ക സമുദായങ്ങളിൽപ്പെടുന്നവരുടെ എണ്ണം എത്രയാണെന്നാണ് കണക്കാക്കപ്പെടുന്നത്?

ഉത്തരം

(എ) 78 എണ്ണം.

(ബി) കണക്കാക്കപ്പെട്ടിട്ടില്ല.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly